DESPATCHED
On. 12/02/2020
31/01/2020

# സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം

തിരുവനന്തപുരം_695 001
Tel: 0471 2561600/2561614/2561623/2332533, Fax: 0471 2330920
Email: sic@kerala.nic.in

**ഹർജി നമ്പർ AP.No.820(4)/2013/SIC തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**
**File No.5035/SIC-Gen 2/2013**
**സന്നിഹിതൻ**
**ശ്രീ.കെ.വി.സുധാകരൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ശ്രീമതി. അപർണ്ണ ടി.സി.,
യു.ഡി.ക്ലാർക്ക്,
ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ്,
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്,
ശാന്തി നഗർ, തിരുവനന്തപുരം –1.
} അപ്പീൽ ഹർജിക്കാരി

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
അണ്ടർ സെക്രട്ടറി,
കേരള പബ്ലിക്ക് സർവീസ് കമ്മീഷൻ,
പട്ടം, തിരുവനന്തപുരം – 4.

2. അപ്പീൽ അധികാരി & ജോയിന്റ് സെക്രട്ടറി (ആർ&എ),
കേരള പബ്ലിക്ക് സർവീസ് കമ്മീഷൻ,
പട്ടം, തിരുവനന്തപുരം – 4.
} എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 15.10.2012 |
| മറുപടി ലഭ്യമാക്കിയ തീയതി | 12.11.2012 |
| ഒന്നാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 29.11.2012 |
| മറുപടി ലഭ്യമാക്കിയ തീയതി | 06.12.2012 |
| രണ്ടാം അപ്പീൽ അപേക്ഷ കമ്മീഷനിൽ നൽകിയ തീയതി | 18.04.2013 |
| കമ്മീഷനിൽ രണ്ടാം അപ്പീൽ അപേക്ഷ ലഭ്യമായ തീയതി | 19.04.2013 |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരി സമർപ്പിച്ച വിവരാവകാശ അപേക്ഷയിൽ കേരള പബ്ലിക് സർവീസ് കമ്മീഷൻ ഡിവിഷണൽ അക്കൗണ്ടന്റ് തസ്തികകളിൽ 2010 ഡിസംബർ 29, 30, 31 തീയതികളിൽ നടത്തിയ വിവരണാത്മക എഴുത്തു പരീക്ഷ യുടെ ഉത്തരക്കടലാസുകളുടെ പകർപ്പുകൾ ആവശ്യപ്പെട്ടിട്ട് ലഭിച്ചില്ല എന്നതാണ് പരാതി.

2. ഇതുമായി ബന്ധപ്പെട്ട് 08.05.2013ൽ കമ്മീഷൻ എതിർകക്ഷികളോട് റിപ്പോർട്ട് ആവശ്യപ്പെട്ടു. ഇതനുസരിച്ച് എതിർകക്ഷികൾ 20.05.13ൽ റിപ്പോർട്ട് നൽകി. വിവരണാത്മക പരീക്ഷകളുടെ ഉത്തരക്കടലാസുകളുടെ പകർപ്പ് വിവരാവകാശ നിയമപ്രകാരം

നൽകാൻ നിലവിൽ പി.എസ്.സി തീരുമാനിച്ചിട്ടില്ലെന്നും, ഉത്തരക്കടലാസുകൾ നൽകുന്നതുമായി ബന്ധപ്പെട്ട് സ്പെഷ്യൽ ലീവ് പെറ്റീഷൻ ബഹു. സുപ്രീം കോടതി യുടെ പരിഗണനയിലാണെന്നും, ഉത്തരക്കടലാസുകളുടെ പകർപ്പ് നൽകുന്നത് സുപ്രീംകോടതി സ്റ്റേ ചെയ്തിട്ടുള്ളതാണെന്നും റിപ്പോർട്ടിൽ പറഞ്ഞു.

3. ഇതിനുശേഷം കമ്മീഷൻ 31.01.2020ൽ തിരുവനന്തപുരത്തെ ആസ്ഥാനത്ത് ഹിയറിങ് നടത്തി. ഒന്നാം എതിർകക്ഷി ഹാജരായി. അപ്പീൽ ഹർജിക്കാരി ഹാജരാ യില്ല.

4. റിപ്പോർട്ടിൽ പറഞ്ഞ കാര്യങ്ങൾ ഒന്നാം എതിർകക്ഷി ഹിയറിങ് വേളയിൽ രേഖാമൂലമുള്ള മൊഴിയായി കമ്മീഷന് സമർപ്പിച്ചു. അപ്പീൽ ഹർജിക്കാരി പരീക്ഷ എഴുതിയ കാലയളവിൽ ഉത്തരക്കടലാസ് സൂക്ഷിപ്പു കാലാവധി 2 വർഷം ആയിരു ന്നെങ്കിലും നിലവിൽ അതു ആറു മാസമായി സർക്കുലർ നം. 8/2001 പ്രകാരം നിജ പ്പെടുത്തിയിട്ടുള്ളതാണെന്നും മൊഴിയിൽ കൂട്ടിച്ചേർത്തു.

5. ഒന്നാം എതിർകക്ഷിയുടെ മൊഴിയും, അനുബന്ധ രേഖകളും പരിശോധിച്ച തിൽ ടിയാൻ പറയുന്ന കാര്യങ്ങൾ വസ്തുതാപരമാണെന്നു കമ്മീഷൻ വിലയിരു ത്തുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ, അപ്പീൽ ഹർജിയിന്മേൽ തുടർ നടപടികൾ അവസാനിപ്പിച്ചുകൊണ്ട് ഇന്നേ ദിവസം, 2020 ജനുവരി മാസം 31-ാം തീയതി കമ്മീഷൻ ഉത്തരവാകുന്നു.

**(ഒപ്പ്)**
**കെ.വി.സുധാകരൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

**കമ്മീഷൻ സെക്രട്ടറി**

gk.

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM

RIGHT TO INFORMATION